LIBRARY ARCHIVES Kerala Legislative Assembly

ന്യൂനപക്ഷ വികസന പദ്ധതി-കേന്ദ്ര ഗവൺമെന്റ് ഉറപ്പുകൾ

125 (1494) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ന്യൂനപക്ഷ പദ്ധതികൾക്കായി കേന്ദ്ര ഗവൺമെന്റ് നൽകിയ ഉറപ്പുകൾ എന്തെല്ലാമായിരുന്നു ; വിശദമാക്കാമോ ;

(ബി) പ്രസ്തുത ഉറപ്പുകൾ നേടിയെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾക്കായി നടപ്പാക്കുന്ന ബഹുമുഖ വികസന പദ്ധതികളിൽ സംസ്ഥാനത്തെ കൂടുതൽ പ്രദേശങ്ങൾ ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പ്രദേശങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) പ്രത്യേക ഉറപ്പുകൾ ഒന്നുംതന്നെ നൽകിയിട്ടില്ല എന്നാൽ പ്രധാന മന്ത്രിയുടെ പുതിയ പതിനഞ്ചിന പരിപാടിയുടെ ഭാഗമായി രാജ്യവ്യാപകമായി നടപ്പിലാക്കുന്ന പദ്ധതികൾ സംസ്ഥാനത്തും നിർവ്വഹിച്ചുവരുന്നു.

(സി) ഉണ്ട്. 12-ാം പഞ്ചവത്സര പദ്ധതി പ്രകാരം എം.എസ്.ഡി.പി.യുടെ പുനരാവിഷ്കൃത മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകൾക്ക് പകരം സംസ്ഥാനത്ത് കൂടുതൽ ന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്നതും സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ രംഗത്ത് പിന്നാക്കം നിൽക്കുന്നതുമായ 50 ബ്ലോക്കുകളും 379 ന്യൂനപക്ഷ കേന്ദ്രീകൃത ക്ലസ്റ്റർ വില്ലേജുകളും എം.എസ്.ഡി.പി.യിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളുടെയും ക്ലസ്റ്റർ വില്ലേജുകളുടെയും ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരണം

126 (1495) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ ; പ്രസ്തുത വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകോപനം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വകുപ്പിന്റെ കീഴിൽ സംസ്ഥാന, ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ന്യൂനപക്ഷ മതവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായുള്ള വിവിധ വികസന/ക്ഷേമ പദ്ധതികളുടെ രൂപീകരണവും നിർവ്വഹണവുമാണ് വകുപ്പിന്റെ പ്രധാന ലക്ഷ്യം. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, കേന്ദ്ര-സംസ്ഥാന സർക്കാർ, പൊതുമേഖലാ സർവ്വീസുകളിൽ ന്യൂനപക്ഷ തൊഴിൽ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് സഹായകമായ പദ്ധതികൾ എന്നിവ നടപ്പാക്കലും വകുപ്പ് ലക്ഷ്യമിടുന്നു.

ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സംസ്ഥനതല ത്തിലുള്ള ഏകോപനവും നിയന്ത്രണവും മേൽനോട്ടവും പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിന് കീഴിൽ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ് നിർവ്വഹിക്കുന്നു. ജില്ലാതലത്തിൽ ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ (ജനറൽ)-ന് കീഴിൽ ഒരു ന്യൂനപക്ഷ സെൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലകളിലെ മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രം ജീവനക്കാരെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സഹകരിപ്പിച്ചുവരുന്നു. ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട, മറ്റുവകുപ്പുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ വകുപ്പ് നേരിട്ട് ഏറ്റെടുത്ത് നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. സംസ്ഥാനതലത്തിൽ ഡയറക്ടറേറ്റ് വികാസ് ഭവനിൽ പ്രവർത്തിച്ചുവരുന്നു. ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

ന്യൂനപക്ഷക്ഷേമവകുപ്പ് മുഖേനയുള്ള പദ്ധതികൾ

127 (T 1496) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ന്യൂനപക്ഷക്ഷേമവകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

852/2017.

LIBRARY ARCHIVES Kerala Legislative Assembly